REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 26-05-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് കാലവർഷം അതിശക്തം. 11 ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രതയും, മൂന്ന് ജില്ലകളിൽ ഓറഞ്ചു ജാഗ്രതയും നൽകി. പത്ത് ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി.**
- **ഗുജറാത്തിലെ ദഹോദിൽ 24,000 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തുടക്കമിടും.**
- **ഓപ്പറേഷൻ സിന്ദൂറിലെ നിലപാട് വിശദീകരിക്കുന്ന ഇന്ത്യൻ സർവ്വകക്ഷി സംഘങ്ങൾ പര്യടനം തുടരുന്നു.**
- **നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് .**
- **IPL ക്രിക്കറ്റിൽ സൺറൈസേഴ്സിനും, ചെന്നൈ സൂപ്പർ കിംഗ്സിനും വിജയം.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് കാലവർഷം അതിശക്തമായി തുടരുന്നു. അതിതീവ്ര മഴ സാധ്യത മുൻനിർത്തി കേന്ദ്രകാലാവസ്ഥാ വകുപ്പ് ഇന്ന് 11 ജില്ലകളിൽ ചുവപ്പ് ജാഗ്രതയും, മൂന്ന് ജില്ലകളിൽ ഓറഞ്ചു ജാഗ്രതയും നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെ ജില്ലകളിലാണ് ചുവുപ്പു ജാഗ്രത.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

വോയ്സ്- കാലവർഷം- അവധി

ശക്തമായ മഴയുടെ സാഹചര്യത്തിൽ, പത്ത് ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർമാർ ഇന്ന് അവധി നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട് ഒഴികെ ജില്ലകളിലാണ് പ്രൊഫഷണൽ കോളജുകൾ അടക്കം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിരിക്കുന്നത്. ട്യൂഷൻ സെന്ററുകൾക്കും അങ്കണവാടികൾക്കും, മദ്രസ്സകൾക്കും അടക്കം അവധി ബാധകമാണ്. സ്പെഷ്യൽ ക്ലാസുകളോ, കോച്ചിംഗ് പരിശീലനമോ നടത്താൻ പാടില്ലെന്ന് നിർദ്ദേശമുണ്ട്. എന്നാൽ മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും, അഭിമുഖങ്ങൾക്കും മാറ്റമില്ല.

കണ്ണൂർ സർവകലാശാലയും, സാങ്കേതിക സർവകലാശാലയും ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്. ഇന്ന് രാത്രി എട്ടര വരെ നാല് മീറ്ററിലധികം ഉയരത്തിൽ തിരമാലകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

കേരളമുൾപ്പെടെ തെക്കൻ സംസ്ഥാനങ്ങളിൽ ഇന്ന് ശക്തമോ, അതിതീവ്രമോ ആയ മഴയുണ്ടാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ദക്ഷിണ കർണാടക, മാഹി, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ അതിശക്തമായ മഴയുണ്ടാകുമെന്നാണ് മുന്നറിയിപ്പ്. ആൻഡമാൻ നിക്കോബാർ, കൊങ്കൺ, ഗോവ, മഹാരാഷ്ട്ര എന്നിവിടങ്ങളിലും ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

✪✪✪

ഇടുക്കി ജില്ലയിലെ അണക്കെട്ടുകളിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് മലങ്കര, കല്ലാർകുട്ടി, ലോവർ പെരിയാർ ഡാമുകളുടെ ഷട്ടർ ഉയർത്തി. ഹൈ റേഞ്ച് - ലോ റേഞ്ച് മേഖലകളിൽ ഇന്നലെ ഉച്ചക്ക് ശേഷം ആരംഭിച്ച ശക്തമായ മഴ രാത്രിയിലും തുടർന്നു.

നേര്യമംഗലം വനമേഖലയിലടക്കം മണ്ണിടിച്ചിൽ ഭീഷണി നിലനിൽക്കുന്നുണ്ട്. പ്രകൃതിക്ഷോഭ സാധ്യത മുൻനിർത്തി ദുരന്തസാഹചര്യങ്ങൾ നേരിടാൻ മുന്നൊരുക്കങ്ങൾ പൂർത്തീകരിക്കാൻ ജില്ലാ കളക്ടർ വകുപ്പ് മേധാവിമാർക്കും ജീവനക്കാർക്കും നിർദേശം നൽകി.

ഇന്നലെ മഴയ്ക്കൊപ്പമുണ്ടായ ശക്തമായ കാറ്റിൽ പലയിടങ്ങളിലും കൃഷിനാശമുണ്ടായി. കൊച്ചി - ധനുഷ് കോടി ദേശീയ പാതയിലെ നേര്യമംഗലം പലയിടത്തും മരങ്ങൾ വീണ് ഗതാഗതവും വൈദ്യുതി വിതരണവും തടസപ്പെട്ടു.

✪✪✪

കാലവർഷം ശക്തമായതിനെ തുടർന്ന് പാലക്കാട് ജില്ലയിൽ 40 വീടുകൾ ഭാഗികമായും നാലു വീടുകൾ പൂർണമായും തകർന്നു. കുന്തിപ്പുഴയുടെ ഭാഗമായ കുരുത്തിച്ചാലിൽ പുഴയിൽ ഇറങ്ങിയ ഒരാളെ കാണാതായി. പൊലീസും ഫയർഫോഴ്സും ഇന്നും തിരച്ചിൽ തുടരും.

✪✪✪

കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിൽ മരിച്ചവരുടെ എണ്ണം നാലായി. കോടഞ്ചേരിയിൽ ഇന്നലെ വൈകിട്ട് വീടിനടുത്ത് തോട്ടിൽ മീൻ പിടിക്കുകയായിരുന്ന സഹോദരങ്ങളായ രണ്ടു കുട്ടികൾ ഷോക്കേറ്റു മരിച്ചു. നിഥിൻ ബിജു, ഐവിൻ ബിജു എന്നിവരാണ് മരിച്ചത്. കാറ്റിൽ പൊട്ടി വീണ തേക്ക് മരത്തിന്റെ ശിഖരം വീണ് വൈദ്യുതി ലൈൻ പൊട്ടി തോട്ടിൽ വീണാണ് കുട്ടികൾക്ക് ഷോക്കേറ്റത്.

വടകര വില്ല്യാപ്പള്ളിയിൽ സ്കൂട്ടർ യാത്രക്കാരന്റെ മേൽ തെങ്ങ് കടപുഴകി വിണ് പവിത്രൻ എന്നയാളും മരിച്ചു. കഴിഞ്ഞ ദിവസം വടകര മുക്കാളിക്കരയിൽ കിണറിലെ മണ്ണിടിഞ്ഞ് വീണ് രജീഷ് എന്ന തൊഴിലാളിയും മരിച്ചിരുന്നു.

ശക്തമായ മഴയിലും കാറ്റിലും ജില്ലയിൽ 40 ലേറെ വീടുകൾ ഇന്നലെ ഭാഗികമായി തകർന്നു. പലയിടത്തും മരങ്ങൾ വീണ് വൈദ്യുതിയും ഗതാഗതവും തടസ്സപ്പെട്ടു. പലഭാഗങ്ങളിലും വെള്ളക്കെട്ടുകളും രൂപപ്പെട്ടു.

കാലവർഷ സ്ഥിതിഗതികൾ വിലയിരുത്താൻ മന്ത്രി P.A മുഹമ്മദ് റിയാസിന്റെ അധ്യക്ഷതയിൽ അടിയന്തര യോഗം ചേർന്നു. കലക്ടറേറ്റ് കേന്ദ്രീകരിച്ച് സെൻട്രൽ കൺട്രോൾ റൂം ആരംഭിക്കണമെന്ന് മന്ത്രി ഓൺലൈൻ യോഗത്തിൽ നിർദ്ദേശിച്ചു.

✪✪✪

പത്തനംതിട്ട ജില്ലയിലെ ആറു താലൂക്കുകളിൽ ശക്തമായ കാറ്റിലും മഴയിലും മരങ്ങൾ ഒടിഞ്ഞുവീണും സംരക്ഷണ ഭിത്തികൾ തകർന്നുവീണും വ്യാപക നാശം ഉണ്ടായി. പലയിടത്തും വൈദ്യുതി ബന്ധം തകരാറിലായി. 11 KV ലൈനുകളും പോസ്റ്റുകളും പൊട്ടി വീണു.

പമ്പ- ചാലക്കയം റോഡിലും, വടശ്ശേരിക്കര - ചിറ്റാർ റോഡിലും മരങ്ങൾ വീണ് ഗതാഗത തടസമുണ്ടായി. പ്ലാപ്പള്ളി ആങ്ങമൂഴി റോഡിൽ മരം കാറിനു മുകളിൽ വീണെങ്കിലും യാത്രക്കാർ അത്ഭുതകരമായി രക്ഷപ്പെട്ടു.

✪✪✪

കനത്ത മഴയും ശക്തമായ കാറ്റിലും കണ്ണൂർ ജില്ലയിലെ പലയിടത്തും നാശനഷ്ടങ്ങൾ ഉണ്ടായി. പത്തിലേറെ വീടുകൾക്ക് കേടു പറ്റി. കണ്ണപുരത്ത് തെങ്ങ് ദേഹത്ത് വീണ് സ്ത്രീക്ക് സാരമായി പരിക്കേറ്റു.

പലയിടത്തും വൈദ്യുതി വിതരണം നിലച്ചിരിക്കുകയാണ്. 300 ലേറെ പോസ്റ്റുകൾ തകർന്നതായി KSEB അറിയിച്ചു. ഉളിക്കൽ - വയത്തൂർ പാലം മുങ്ങിയതിനെ തുടർന്ന് ഗതാഗതം തടസ്സപ്പെട്ടു.

✪✪✪

ചുവപ്പു ജാഗ്രത നിലനിൽക്കുന്നതിനാൽ ഊട്ടിയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും താൽക്കാലികമായി അടച്ചു. ഇന്നലെ മരം പൊട്ടി വീണ് പതിനഞ്ചുകാരൻ മരിച്ചതിനെ  തുടർന്ന് സസ്യോദ്യാനം, റോസ് ഗാർഡൻ, ബോട്ട് ഹൗസ് എന്നിവ അടച്ചു.

✪✪✪

ഗുജറാത്തിലെ ദഹോദിൽ 24,000 കോടി രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തുടക്കമിടും. അടുത്ത 11 വർഷങ്ങളിൽ 1,200 വൈദ്യുത ചരക്കു ട്രെയിനുകൾ നിർമ്മിക്കാൻ സ്ഥാപിച്ച ദഹോദ് ലോക്കോമോട്ടീവ് മാനുഫാക്ചറിംഗ് പ്ലാന്റ് അദ്ദേഹം രാജ്യത്തിന് സമർപ്പിക്കും. രാജ്യത്തെ ഏറ്റവും ശക്തമായ 9,000 HP വൈദ്യുത ചരക്കു ട്രെയിനും അദ്ദേഹം പുറത്തിറക്കും. തുടർന്ന് ഭുജിൽ 53,400 കോടി രൂപയുടെ പൂർത്തിയായതും, ആരംഭിക്കുന്നതുമായ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിയ്ക്കും.

✪✪✪

ആഭ്യന്തര മന്ത്രി അമിത്ഷാ നാഗ്പൂരില  ജാമ്ഠയിൽ ഇന്ന് നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് 'സ്വസ്തി നിവാസ്'- ന് തറക്കല്ലിടും.  കാംഠി ബ്ലോക്കിലെ ചിച്ചോളിയിൽ നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയുടെ, നാഗ്പൂർ കാമ്പസിനും അമിത്ഷാ  അടിക്കല്ലിടും.

✪✪✪

ഓപ്പറേഷൻ സിന്ദൂറിലെ ഇന്ത്യൻ നിലപാട് വിശദീകരിക്കാൻ കോൺഗ്രസ്സ് MP ഡോ. ശശിതരൂർ നേതൃത്വം നൽകുന്ന സർവകക്ഷിസംഘം ഗയാനയിലെത്തി.

ചെന്നൈ ജഗൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ സംഘത്തിന് ഊഷ്മള വരവേൽപ്പ് ലഭിച്ചു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് ദൃഢനിശ്ചയമുണ്ടെന്നും രാജ്യം ഇക്കാര്യത്തിൽ ഐക്യത്തോടെ നിലകൊള്ളുന്നുവെന്നും ഇന്ത്യൻ ഹൈക്കമ്മീഷൻ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

NCP നേതാവ് സുപ്രിയ സുലെയുടെ നേതൃത്വത്തിൽ മറ്റൊരു സംഘം ഖത്തറിലെ പ്രമുഖ പത്രങ്ങളായ അൽ ഷാർഖ്, പെനിൻസുല എന്നിവയുടെ എഡിറ്റോറിയൽ ടീമുമായി ആശയവിനിമയം നടത്തി. പഹൽഗാം ഭീകരാക്രമണത്തെ തുടർന്നുണ്ടായ സംഭവ വികാസങ്ങളിൽ ഇന്ത്യയുടെ നിലപാട് പ്രതിനിധി സംഘം വിശദീകരിച്ചു. തുടർന്ന് സുപ്രിയയും സംഘവും ഖത്തർ നിയമസഭാസമിതി അംഗങ്ങളുമായും കൂടിക്കാഴ്ച നടത്തി. ഉന്നത നിയമ സഭാസമിതിയായ ഖത്തർ ഷൂറാ കൗൺസിൽ ഭീകരതയ്ക്ക് എതിരെ ഇന്ത്യക്ക് ശക്തമായ പിന്തുണ അറിയിച്ചു. ഭീകരതയെ അതിന്റെ ഉറവിടത്തിൽ നിന്നും പിഴുതെറിയണമെന്ന് സമിതിഅംഗങ്ങൾ ആവശ്യപ്പെട്ടു.

BJP നേതാവ് ബൈജയന്ത് പാണ്ഡ നയിക്കുന്ന സർവകക്ഷി പ്രതിനിധി സംഘം ഇന്നും നാളെയും കുവൈത്ത് സന്ദർശിക്കും. ഭീകരതയ്ക്കെതിരായ രാജ്യത്തിന്റെ ഏകീകൃതവും അചഞ്ചലവുമായ നിലപാട് സംഘം കുവൈത്ത് അധികൃതരെ അറിയിക്കും.

✪✪✪

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിന് ഇന്ന് വിജ്ഞാപനം പുറപ്പെടുവിക്കും. ജൂൺ 19 ന് നടത്തുന്ന തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ 23 നാണ്. നാമനിർദ്ദേശ പത്രിക ജൂൺ രണ്ടു വരെ സമർപ്പിക്കാം. സൂക്ഷ്മപരിശോധന ജൂൺ മൂന്നിനും, പത്രിക പിൻവലിക്കാൻ ജൂൺ അഞ്ചു വരെയുമാണ് സമയമെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ രത്തൻ U കേൽക്കർ അറിയിച്ചു. എല്ലാ പോളിംഗ് സ്റ്റേഷനുകളിലും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളും, VV പാറ്റുകളും ഉപയോഗിക്കാനാണ് കമ്മീഷന്റെ തീരുമാനം.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനെ തുടർന്ന് ഇന്ന് നിശ്ചയിച്ചിരുന്ന 'കിക്ക് ഡ്രഗ്സ് - സേ യെസ് ടു സ്പോർട്സ് ' ലഹരി സന്ദേശ യാത്രയുടെ മലപ്പുറത്തെ സംസ്ഥാനതല സമാപന പരിപാടികൾ മാറ്റിവെച്ചു. പെരിന്തൽമണ്ണയിലെ സ്വീകരണ പരിപാടിയും, തിരൂരിലെ സമാപന ചടങ്ങുമാണ് ഒഴിവാക്കിയത്. മാറ്റിവെച്ച പരിപാടികൾ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26 ന് നടത്തും.

✪✪✪

ഇന്നലെ കൊച്ചി തീരത്തിനു സമീപം മുങ്ങിയ കപ്പലിലെ ഒരു കണ്ടെയ്നർ കരുനാഗപ്പള്ളി ചെറിയഴീക്കൽ തീരത്ത് അടിഞ്ഞു. രാത്രി പതിനൊന്നരയോടെയാണ് കണ്ടെയ്നർ പ്രദേശവാസികളുടെ ശ്രദ്ധയിൽപ്പെട്ടത്. പാറക്കെട്ടിന് മുകളിൽ അടിഞ്ഞ കണ്ടെയ്നർ തുറന്ന നിലയിലായിരുന്നു. ജില്ലാകലക്ടറും പൊലീസ് കമ്മീഷണറും ഉൾപ്പടെ സംഭവ സ്ഥലത്തെത്തി കണ്ടെയ്നർ പ്രാഥമിക പരിശോധനയ്ക്ക് നേതൃത്വം നൽകി. ഇന്ന് വിശദ പരിശോധന നടത്തും.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹിയിൽ സൺറൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ 110 റൺസിന് പരാജയപ്പെടുത്തി.

ഗുജറാത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ്, ഗുജറാത്ത് ടൈറ്റൻസിനെ 83 റൺസിനും തോൽപ്പിച്ചു.

ഇന്ന് പഞ്ചാബ് കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. വൈകീട്ട് 7.30 ന് ജയ്പൂരിലാണ് മത്സരം.

✪✪✪

കോഴിക്കോട് രൂപതയെ ഇന്നലെ അതിരൂപതയായി പ്രഖ്യാപിച്ചു. മാർ വർഗീസ് ചക്കാലക്കലാണ് ആദ്യ ആർച്ച് ബിഷപ്പ്. കോഴിക്കോട് സെൻ്റ് ജോസഫ് ദേവാലയത്തിൽ ഇന്ത്യൻ അപ്പോസ്തലിക് നൂൺഷ്യോ ഡോ. ലിയോ പോൾദോ ജിറെല്ലിയുടെ നേതൃത്വത്തിലായിരുന്നു മാർ വർഗ്ഗീസ് ചക്കാലക്കലിൻ്റെ സ്ഥാനാരോഹണം.കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് വചനപ്രഘോഷണം നടത്തി.

ആർച്ച് ബിഷപ്പുമാരും ക്രൈസ്തവ സഭാ തലവൻമാരും പങ്കെടുത്ത ചടങ്ങിൽ മന്ത്രി P.A മുഹമ്മദ് റിയാസ്, BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ, KPCC പ്രസിഡൻ്റ് സണ്ണി ജോസഫ്, MPമാരായ M.K രാഘവൻ, ഷാഫി പറമ്പിൽ, മേയർ ബീന ഫിലിപ്പ് തുടങ്ങിയവരും സംബന്ധിച്ചു.

✪✪✪

സ്കൂൾ തുറക്കലുമായി ബന്ധപ്പെട്ട് മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്തു. ജില്ലാകളക്ടർമാർ, തദ്ദേശ സ്ഥാപന പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് നിർബന്ധമാക്കിയിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിനു മുൻപു തന്നെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം. സ്കൂളുകളിലും പരിസരങ്ങളിലും വൈദ്യുതി ലൈനുകൾ സുരക്ഷിതമാണെന്ന് ഉറപ്പാക്കണം.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന് സമീപത്തെ നിർദിഷ്ട ഹജ്ജ് ഹൗസിനെ പൊതു സ്ഥാപനമായി നിർമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി V അബ്ദുറഹ്മാൻ പറഞ്ഞു. ഗവൺമെന്റ് ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ ഹജ്ജ് ഹൗസിന്റെ നടത്തിപ്പിന് വരുമാനം സ്വരൂപിക്കാനാണ് മൾട്ടി പർപ്പസ് ഹജ്ജ് ഹൗസിന് രൂപം നൽകിയത്.

എല്ലാവരുടെയും പങ്കാളിത്തത്തോടെ ഹജ്ജ് ഹൗസ് നിർമിക്കാനും അടുത്ത ഹജ്ജ് സീസൺ ആകുമ്പോഴേക്ക് അത് യാഥാർഥ്യമാക്കാനുമാണ് ആഗ്രഹിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

✪✪✪

---

***News Editor: വി കെ സുരേഷ്***
***News Reader: അനിൽ ചന്ദ്രൻ***
***News Team:അനുഷ ആത്മപ്രകാശ്***
***DEO : ഷീബ***